(ഡി) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം മദ്യദുരന്തത്തിലല്ലാതെ വ്യാജമദ്യം കുടിച്ചതിന്റെ ഫലമായി എത്ര പേർ മരിച്ചിട്ടുണ്ട്;

(ഇ) എത്രപേർക്ക് കാഴ്ച നഷ്ടപ്പെടുകയോ മറ്റ് ശാരീരികമായ ന്യൂനതകൾ ഉണ്ടാവുകയോ ചെയ്തിട്ടുണ്ട്?

ഉത്തരം

(എ)-(ഇ) വിവരം ശേഖരിച്ചുവരുന്നു.

57 (1506) ചാരായനിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ടവർ

ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻഗവണ്മെന്റിന്റെ കാലത്ത് ചാരായനിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്കുവേണ്ടി ഈ ഗവണ്മെന്റ് എന്തെല്ലാം സഹായനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) തൊഴിലാളികളുടെ തൊഴിലില്ലായ്മയും പാർപ്പിടപ്രശ്നവും പരിഹരിക്കുവാൻ സർക്കാർ എന്ത് പദ്ധതിയാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) ചാരായ നിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളുടെ പ്രശ്നം പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പു മന്ത്രി, ധനകാര്യ-എക്സൈസ് വകുപ്പുമന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ തൊഴിൽ വകുപ്പു കമ്മിഷണറും തൊഴിലാളിനേതാക്കളും തൊഴിലാളി സംഘടനാ പ്രതിനിധികളുമായി സർക്കാർ നടത്തിയ ചർച്ചയിൽ എടുത്ത തീരുമാനപ്രകാരം ജോലി നഷ്ടപ്പെട്ട ഓരോ തൊഴിലാളിയും 30,000/- രൂപ വീതം ഗ്രാന്റും കൂടാതെ ഓണ ആവശ്യത്തിന് 2000/- രൂപ വീതവും നൽകാൻ തീരുമാനിക്കുകയുണ്ടായി. തൊഴിലാളി ക്ഷേമനിധിയിൽ നിന്നുമുള്ള തുകയ്ക്കു പുറമേയാണ് ടി തുക സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പ്രയോജനപ്പെടുത്തുമെന്നാണ് അന്ന് ധാരണയായത്. സർക്കാരിന് ഈയിനത്തിൽ 40 കോടിയിലധികം രൂപ ചെലവായിട്ടുണ്ട്.

മുകളിൽ വിവരിച്ചിട്ടുള്ള വസ്തുതകളുടെ വെളിച്ചത്തിൽ എന്തെങ്കിലും പുതിയ പദ്ധതി ഈ കാര്യത്തിൽ ആവിഷ്കരിച്ചു നടപ്പിലാക്കേണ്ട ആവശ്യമുണ്ടെന്ന് സർക്കാർ കരുതുന്നില്ല.

58 (1507) തിരുവനന്തപുരം റേഞ്ചിലെ കള്ളുഷാപ്പുകളുടെ വിവരങ്ങൾ

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം റേഞ്ചിൽ ആകെ എത്ര കള്ളുഷാപ്പുകളുണ്ട്; ഇവയുടെ മൊത്തം ലേലത്തുക എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly